പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2203      11.03.2020 ൽ മറുപടിക്ക്

## ശ്രീ. ബിജു പോൾ വി യ്ക്ക് ജോലിയിൽ പ്രവേശിക്കുവാനുള്ള അനുമതി സംബന്ധിച്ച്

ചോദ്യം

ശ്രീ. ബി.ഡി.ദേവസ്സി

മറുപടി

ശ്രീ. എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ കരാർ തൊഴിലാളിയായി സേവനം അനുഷ്ഠിച്ചു വരുമ്പോൾ, കോൺക്രീറ്റ് പോസ്റ്റ് ഒടിഞ്ഞു വീണ് ഗുരുതരമായി പരിക്കു പറ്റിയ ശ്രീ. ബിജു പോൾ വി., വെമ്പിളിയാൻ വീട്, പരിയാരം എന്ന ഉദ്യോഗാർത്ഥിക്ക് പി.എസ്.സി. വഴി ലഭിച്ച സ്ഥിരനിയമന ഉത്തവു പ്രകാരം ജോലിയിൽ പ്രവേശിക്കുവാൻ സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ബി) ഇതിനായി ശ്രീ. ബിജു പോൾ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടിയാനെ കെ.എസ്.ഇ.ബി.യിൽ ജോലിയിൽ പ്രവേശിക്കുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ & ബി) ശ്രീ. ബിജു പോൾ വി. -യെ 07.09.2019 തീയതിയിലെ നിയമന ഉത്തരവ് പ്രകാരം വൈദ്യുതി ബോർഡിൽ ഇലക്ട്രിസിറ്റി വർക്കറായി നിയമനം നൽകിയെങ്കിലും ടിയാന്റെ അപേക്ഷ പ്രകാരം 06.12.2019 വരെ 90 ദിവസത്തെ പ്രവേശന കാലാവധി നീട്ടി നൽകുകയുണ്ടായി. എന്നാൽ തുടർ ചികിത്സ ആവശ്യമുള്ളതിനാൽ 6 മാസത്തേയ്ക്ക് കൂടി പ്രവേശന കാലാവധി നീട്ടി നൽകണമെന്നും, ഇരുന്ന് ജോലി ചെയ്യാവുന്ന തരത്തിലുള്ള ജോലി നൽകണമെന്നും ആവശ്യപ്പെട്ടു കൊണ്ട് ശ്രീ.ബിജു പോൾ 02.12.2019-ൽ വീണ്ടും അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷയിന്മേൽ തീരുമാനമെടുക്കാനായി ടിയാന്റെ അപേക്ഷ ഫയൽ സഹിതം വൈദ്യുതി ബോർഡിന്റെ ഡയറക്ടർ ബോർഡ് മുമ്പാകെ സമർപ്പിച്ചിരിക്കുകയാണ്. ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ